**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **06-10-2021 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; സൗജന്യമായി ഭൂമി ലഭ്യമായിട്ടുള്ള പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ; വിശദമാക്കുമോ? | (എ) | കാസറഗോഡ് ജില്ലയിൽ നിലവിൽ പെൺകുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രത്യേക ദുർബല വിഭാഗത്തിനായി ഒരു ആശ്രമം സ്കൂൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു സ്പോർട്ട്സ് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പട്ടികജാതി വകുപ്പിന് കീഴിലും ജില്ലയിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്. ഇതു കൂടാതെ തൃക്കരിപ്പൂർ മണ്ഡലത്തിൽ നിന്നും അധികം ദൂരെയല്ലാതെ കണ്ണൂർ ജില്ലയിൽ പെരിങ്ങോം എന്ന സ്ഥലത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതാണ്. ഈ സാഹചര്യത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ